(ബി) ഉണ്ടെങ്കിൽ, എത്ര ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഇതനുസരിച്ച് ഡഫേദാർ ആയി പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. 5:1 എന്ന അനുപാതത്തിൽ, ഗ്രേഡ് 1 തസ്തികയിലേക്ക് പ്രൊമോഷൻ നൽകാൻ മാത്രമേ വ്യവസ്ഥയുള്ളൂ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നിലവിലുള്ള അന്വേഷണ കമ്മീഷനുകൾ

1716 [2582] ശ്രീ. എം. ജിനദേവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് അതിക്രമങ്ങൾ, ലാത്തിച്ചാർജ്ജ്, വെടിവയ്പ്പുകൾ എന്നിവയിൻമേൽ ഗവൺമെന്റ് ഏർപ്പെടുത്തിയ എത്ര അന്വേഷണ കമ്മീഷനുകൾ നിലവിലുണ്ട്;

(ബി) അവ ഏതെല്ലാം ആണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറ്.

(ബി) 1. 15-12-1985-ൽ വഞ്ചിയൂരിൽ നടന്ന പോലീസ് വെടിവയ്പിനെക്കുറിച്ച് അന്വേഷണം നടത്തുന്ന ജ. വിജയൻ കമ്മീഷൻ.

2. 19-6-1986-ൽ കൊല്ലം കളക്ടറേറ്റ് പിക്കറ്റ് ചെയ്ത എൽ. ഡി. എഫ്. വളൻറിയർമാർക്ക് നേരെ പോലീസ് നടത്തിയ ബലപ്രയോഗത്തെക്കുറിച്ച് അന്വേഷണം നടത്തുന്ന ജ. കനകദാസ് കമ്മീഷൻ.

3. 8-8-1986-ൽ കാസർഗോട്ടു നടന്ന പോലീസ് വെടിവയ്പിനെക്കുറിച്ച് അന്വേഷണം നടത്തുന്ന ജ. കുഞ്ഞുവീരൻ കമ്മീഷൻ.

4. 22-10-1986-ൽ തങ്കമണിയിൽ നടന്ന പോലീസ് വെടിവയ്പിനെക്കുറിച്ച് അന്വേഷണം നടത്തുന്ന ജ. പ്രഹ്ലാദൻ കമ്മീഷൻ.

5. 22-10-1986-ൽ തങ്കമണി വെടിവയ്പിനെത്തുടർന്നുണ്ടായതായി ആരോപിക്കപ്പെട്ടിട്ടുള്ള പോലീസ് അതിക്രമങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്ന ജ. ശ്രീദേവി കമ്മീഷൻ.

6. 9-11-1986-ൽ കീഴ്മാട് (ആലുവ) അന്ധ വിദ്യാലയത്തിലെ അന്ധ വിദ്യാർത്ഥികളുടെ നേർക്ക് പോലീസ് നടത്തിയതായി ആരോപിക്കപ്പെട്ടിട്ടുള്ള ബലപ്രയോഗത്തെക്കുറിച്ച് അന്വേഷണം നടത്തുന്ന ജ. തുളസീദാസ് കമ്മീഷൻ.

ജോസ് സെബാസ്റ്റ്യന്റെ മരണം

1717 [2584] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി പോലീസ് ലോക്കപ്പിൽവച്ച് ജോസ്സെബാസ്റ്റ്യൻ എന്ന മദ്യ വ്യവസായ തൊഴിലാളി മർദ്ദനമേറ്റ് മരണപ്പെട്ടത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സംഭവം സംബന്ധിച്ച് അന്വേഷണം ക്രൈം ബ്രാഞ്ച പൂർത്തിയാക്കിയോ;

(സി) എങ്കിൽ കേസ് ചാർജ്ജ് ചെയ്യാൻ കാലവിളംബം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) കേസ് ഉടൻ ചാർജ്ജ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജോസ് സെബാസ്റ്റ്യൻ മരണപ്പെട്ടത് 12-11-1985-ലാണ്.

(ബി) അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഹാൻറ് റൈറ്റിംഗ് എക്സ്പെർട്ടിന്റെ വിദഗ്ദ്ധ അഭിപ്രായം കൂടി കിട്ടാനുള്ളതുകൊണ്ട്.

(ഡി) വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മുരളീധരന്റെ കൊലപാതകം

1718 [2586] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 ജൂൺ ഒന്നാം തീയതി തിരുവനന്തപുരം കനകനഗറിൽവെച്ച് മുരളീധരൻ എന്ന യുവാവിനെ കൊലപ്പെടുത്തിയതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ പേരിൽ;

(സി) പ്രസ്തുത കേസിന്റെ ക്രൈം നമ്പർ എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം അഞ്ചാമട പകുതിയിൽ പൂതിച്ചക്കോണം മുറിയിൽ ജവഹർ നഗറിൽ വലിയവിള വീട്ടിൽ വേലായുധൻ നായർ മകൻ ജയൻ എന്നു വിളിക്കുന്ന ജയചന്ദ്രൻ നായരുടെ പേരിൽ.

(സി) മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 115/82.

വിശ്വംഭരന്റെ കൊലപാതകം

1719 [2587] ശ്രീമതി കെ. ആർ ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-5-1982-ൽ ചാലക്കമ്പോളത്തിൽവച്ച് വിശ്വംഭരൻ എന്ന ആൾ കൊല ചെയ്യപ്പെട്ടതു സംബന്ധിച്ച് കേസ്സുകൾ എന്തെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേരുടെ പേരിൽ;

LIBRARY ARCHIVES Kerala Legislative Assembly